അഭിപ്രായം ഉയർന്നുവന്നിരുന്നു. ഈ സാഹചര്യത്തിൽ ഹൈസ്കൂളിനോടൊപ്പം ഹയർസെക്കണ്ടറി സ്കൂൾ പ്രവർത്തിക്കുന്നിടത്ത് രണ്ട് വിഭാഗങ്ങളെയും ഏകീകരിച്ച് ഒരു ഭരണവിഭാഗമാക്കുവാനും അതിന്റെ തലവനായി ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പലിനെ നിയമിക്കുവാനും ഹെഡ്മാസ്റ്റർ തസ്തികയെ പുനർനാമകരണം ചെയ്ത് പ്രിൻസിപ്പലിനുതാഴെ വൈസ് പ്രിൻസിപ്പൽ എന്ന തസ്തിക സൃഷ്ടിക്കുവാനും തീരുമാനിച്ചു. ഈ ഭരണപരമായ സംവിധാനത്തിൽ അനദ്ധ്യാപകരെ മൊത്തത്തിൽ സ്കൂളിന്റെ പ്രവർത്തനത്തിന് വിനിയോഗിക്കുവാനും ഹയർസെക്കണ്ടറിവരെ സ്കൂളിലെ മൊത്തം കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് നിലവിലുള്ള ഉത്തരവുകൾവച്ച് അനദ്ധ്യാപക തസ്തികകളുടെ എണ്ണം കണക്കാക്കി അഇവഴി സ്കൂളുകളിൽ കൂടുതൽ അനദ്ധ്യാപകരെ നിയമിക്കുവാൻ സർവ്വീസ് സംഘടനകളുമായി ചർച്ചചെയ്ത് സ്പെഷ്യൽ റൂളിലും കെ.ഇ.ആർ.-ലും വേണ്ട മാറ്റങ്ങൾ വരുത്തി നടപടി സ്വീകരിക്കുവാനും തീരുമാനം എടുത്തിട്ടുണ്ട്.

10. വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ട്

<u>ശ്രീ. രാജു എബ്രഹാം</u> : സർ, എം.ജി. സർവ്വകലാശാലയിലെ ഓഫ് ക്യാമ്പസ് സെന്ററുകളിൽ പഠിച്ചുകൊണ്ടിരുന്ന ഇരുപതിനായിരത്തോളം കുട്ടികൾ പെരുവഴിയിലായിരിക്കുകയാണ്. സർവ്വകലാശാലയുടെ പരിധിയിലുള്ള 55 ഓഫ് ക്യാമ്പസ് സെന്ററുകളിലും പരിധിക്ക് പുറത്തുള്ള 118 ഓഫ് ക്യാമ്പസ് സെന്ററുകളിലും പഠിച്ചുകൊണ്ടിരുന്ന കുട്ടികളാണ് ബുദ്ധിമുട്ടുന്നത്. ഈ സെന്ററുകൾ മുഴുവൻ പൂട്ടുവാനുള്ള നിർദ്ദേശം സർവ്വകലാശാല നൽകിയിരിക്കുകയാണ്. തുടർന്ന് മുഴുവൻ സ്ഥാപനങ്ങളും ഇപ്പോൾ അടച്ചുപൂട്ടിയിരിക്കുകയാണ്. 2004-ൽ യു.ജി.സി. നിർദ്ദേശപ്രകാരം ചീഫ് സെക്രട്ടറി നൽകിയ നിർദ്ദേശത്തെത്തുടർന്നാണ് ഈ സെന്ററുകൾ മുഴുവൻ ആരംഭിച്ചത്. ഇവിടെ പരീക്ഷ നടത്തുന്നത് കോളേജ് അദ്ധ്യാപകർ തന്നെയാണ്. വിദേശങ്ങളിലുള്ള ചില ഓഫ് ക്യാമ്പസ് സെന്ററുകളിൽ ക്രമക്കേടുണ്ടെന്നാരോപിച്ചാണ് ഗവർണ്ണർ ഇത്തരത്തിലുള്ള ഒരു നിർദ്ദേശം നൽകാനിടയായത്. പക്ഷേ ഇവിടത്തെ സെന്ററുകളിൽ പഠിക്കുന്ന 99 ശതമാനം കുട്ടികളും പാവപ്പെട്ട കുട്ടികളാണ്. ഇരുപതിനായിരത്തോളം വരുന്ന ഈ കുട്ടികൾക്ക് പഠിക്കാൻ ഇനി സ്ഥാപനങ്ങളില്ല. പഠിക്കാതെതന്നെ അവർക്ക് ഓൺലൈൻ പരീക്ഷ എഴുതാമെന്നുപറയുന്ന വളരെ വിചിത്രമായ നടപടിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. വളരെ ഗുരുതരമായ പ്രതിസന്ധിയാണിത്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റ് ഈ പ്രശ്നത്തിൽ അടിയന്തരമായി ഇടപെടണം. ഇതിനാവശ്യമായ ഒരു ജി.ഒ. വിദ്യാഭ്യാസവകുപ്പ് പുറപ്പെടുവിക്കണം. പുതിയ കുട്ടികളെ പഠിപ്പിക്കേണ്ട, പക്ഷേ പഠിച്ചുകൊണ്ടിരുന്ന ഇരുപതിനായിരത്തോളം കുട്ടികൾക്ക് പഠിക്കാനുള്ള സംവിധാനം അടിയന്തരമായുണ്ടാക്കണം. അതിനുള്ള സമീപനം സ്വീകരിക്കുകയും അടിയന്തരമായ തീരുമാനമെടുക്കുകയും ആ തീരുമാനം ഇപ്പോൾ പ്രഖ്യാപിക്കുകയും ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, കേന്ദ്ര ഏജൻസിയായ നൂഡൽഹിയിലെ ഡിസ്റ്റന്റ് എഡ്യൂക്കേഷൻ കൗൺസിലിനാണ് രാജ്യത്തെ വിദൂരവിദ്യാഭ്യാസത്തിന്റെ നിയന്ത്രണ ചുമതലയുള്ളത്. പ്രസ്തുത ഏജൻസി സർവ്വകലാശാലകളുടെയും സ്ഥാപനങ്ങളുടെയും വിദൂര പഠനകേന്ദ്രങ്ങൾ നടത്തുന്നതിന് സ്വകാര്യസ്ഥാപനങ്ങൾക്ക് അധികാരം കൊടുക്കുന്നത് നിരസിച്ചിട്ടുള്ളതാണ്. ആയതിനാൽ സ്വകാര്യ ഏജൻസികൾക്ക് നടത്തിപ്പ് അവകാശം കൊടുക്കുന്നത് അംഗീകരിക്കുന്നില്ല. കേന്ദ്ര ഏജൻസിയുടെ ഇത്തരം നിബന്ധനകൾ മുഖവിലയ്ക്കെടുക്കാതെയും സംസ്ഥാന സർക്കാരിന്റെ മുൻകൂർ അനുമതി തേടാതെയും മഹാത്മാഗാന്ധി സർവ്വകലാശാല അതിന്റെ അധികാര പരിധിക്കകത്തും പുറത്തും സംസ്ഥാനത്തിനകത്തും വിദേശത്തുമായി ധാരാളം ഓഫ് ക്യാമ്പസ് സെന്ററുകൾ നടത്തുന്നതിന് സ്വകാര്യ ഏജൻസികൾക്ക് അനുമതി നൽകുകയുണ്ടായി. 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ടിലെ സെക്ഷൻ IV പ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അധികാരപരിധി കോട്ടയം, ഇടുക്കി, എറണാകുളം റവന്യൂ ജില്ലകളും ആലപ്പുഴ റവന്യൂ ജില്ലയിലെ കുട്ടനാട് താലൂക്കും പത്തനംതിട്ട റവന്യൂ ജില്ലയിലെ കോഴഞ്ചേരി, മല്ലപ്പള്ളി, തിരുവല്ല, റാന്നി താലൂക്കുകളും ചേരുന്നതാണ്. സർവ്വകലാശാലയുടെ അധികാരപരിധിക്ക് പുറത്ത് പ്രവർത്തിക്കുന്ന ഓഫ് ക്യാമ്പസ് സെന്ററുകൾ അടിയന്തരമായി നിർത്തലാക്കണമെന്ന് യു.ജി.സി. നിരവധി തവണ മഹാത്മാഗാന്ധി സർവ്വകലാശാല അധികാരികളോട് ആവശ്യപ്പെട്ടുകയുണ്ടായി. എന്നാൽ പ്രസ്തുത കേന്ദ്രങ്ങൾ നിർത്തലാക്കുന്നതിനു പകരം സംസ്ഥാനത്തിനകത്തും പുറത്തുമായി 77 പുതിയ ഓഫ് ക്യാമ്പസ് സെന്ററുകൾകൂടി അനുവദിക്കാൻ 17-1-2013 -ൽ ചേർന്ന മഹാത്മാഗാന്ധി സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് യോഗം തീരുമാനിക്കുകയുണ്ടായി. പ്രസ്തുത 77 ഓഫ് ക്യാമ്പസ് സെന്ററുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർവ്വകലാശാല സംസ്ഥാന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സർക്കാരുമായി കൂടിയാലോചിക്കുകയോ സർക്കാരിന്റെ മുൻകൂർ അനുമതി തേടുകയോ ചെയ്തിട്ടില്ല. പ്രസ്തുത സിൻഡിക്കേറ്റ് യോഗത്തിൽ സർക്കാരിന്റെ പ്രതിനിധികൾ എതിർപ്പ് രേഖപ്പെടുത്തിയിരുന്നു. എന്നാൽ സർക്കാരിന്റെ അഭിപ്രായം അവഗണിച്ചുകൊണ്ട് സംസ്ഥാനത്തിനകത്തും പുറത്തും സ്വകാര്യ ഏജൻസികൾക്ക് പഠനകേന്ദ്രങ്ങൾ അനുവദിക്കുന്നതിനുള്ള നടപടികളുമായി സർവ്വകലാശാല മുന്നോട്ടുപോകുകയും ഇക്കാര്യങ്ങൾ സർക്കാർ സർവ്വകലാശാലയുടെ ചാൻസലറായ ബഹുമാനപ്പെട്ട ഗവർണ്ണറുടെ ശ്രദ്ധയിൽ കൊണ്ടുവരുകയുമുണ്ടായി. ബഹുമാനപ്പെട്ട ഗവർണ്ണർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിക്കുകയും 30-5-2015-ൽ സർക്കാരിന്റെയും സർവ്വകലാശാലയുടെയും ഇതുസംബന്ധിച്ച വാദമുഖങ്ങൾ കേൾക്കുകയുമുണ്ടായി. തുടർന്ന് 17-1-2013-ൽ സിൻഡിക്കേറ്റ് എടുത്തിരുന്ന തീരുമാനപ്രകാരം മഹാത്മാഗാന്ധി സർവ്വകലാശാല അന്യായമായി അനുവദിച്ച 77 ഓഫ് ക്യാമ്പസ് സെന്ററുകൾ നിർത്തലാക്കണമെന്നും മുൻകാലങ്ങളിൽ സർക്കാരിന്റെ അനുമതിയില്ലാതെ സർവ്വകലാശാലയുടെ അധികാരപരിധിക്കകത്തും പുറത്തും ആരംഭിച്ച എല്ലാ ഓഫ് ക്യാമ്പസ് സെന്ററുകളും അടിയന്തരമായി അടച്ചുപൂട്ടണമെന്നും ബഹുമാനപ്പെട്ട ചാൻസലർ മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ പ്രസ്തുത ഓഫ് ക്യാമ്പസ് സെന്ററുകളിൽ നിലവിൽ പ്രവേശനം നേടി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ പഠനം തുടരുന്നതിനും പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് സർവ്വകലാശാല ഉറപ്പുവരുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. 20-06-2015-ലെ 3529/എസ്.ഡി.3/2015-ാം നമ്പർ ഉത്തരവുപ്രകാരം ചാൻസലറുടെ നടപടി അംഗീകരിച്ച് നടപ്പിലാക്കിക്കൊണ്ടും മഹാത്മാഗാന്ധി സർവ്വകലാശാല രജിസ്റ്റാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ നിർത്തലാക്കിയ ഓഫ് ക്യാമ്പസ് സെന്ററുകളിൽ നേരത്തെ അഡ്മിഷൻ നേടി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ പഠനം തുടരുന്നതിനും പൂർത്തീകരിക്കുന്നതിനും സർവ്വകലാശാല ബാദ്ധ്യസ്ഥമാണ്.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, അതുസംബന്ധിച്ച നിർദ്ദേശം കൊടുക്കണം. അവരത് ചെയ്തിട്ടില്ലെന്നുള്ളതാണ് പ്രശ്നം.

11. താലൂക്ക് ആശുപത്രിയായി ഉയർത്തൽ

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : സർ, മങ്കട സി.എച്ച്.സി.-യുടെ പ്രശ്നം നിരവധി പ്രാവശ്യം ഈ സഭയിൽ ഉന്നയിച്ചതാണ്. കഴിഞ്ഞ ബഡ്ജറ്റ്